കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പാലക്കാട്**

**ഫോൺ – 04912520145**

**ഇ മെയിൽ – dopkd.ksad@kerala.gov.in**

www.lfa.kerala.gov.in

**പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട്**

**2017 – 2018**

നം. കെ എസ് എ – പികെഡി8/981/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 17.07.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസി. ഡെവലപ്മെന്റ് കമ്മീഷർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ എസ് എ – പികെഡി8/981/2019 തീയതി – 17.07.2019

**പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02-11-2017 മുതൽ 16-05-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-05-19 മുതൽ 16-05-19 വരെ |
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.കെ.ജിജീഷ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കമ്മുക്കുട്ടി എടത്തോൾ | 1-4-17 മുതൽ 19-12-17 വരെ |
| | ശ്രീ.വി.എം.മുഹമ്മദാലി | 20-12-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീ.പി.വി.സത്യൻ | 01-4-17 മുതൽ 31.03.18 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസി.ഡയറക്ടർ | സൂസൻ ബെഞ്ചമിൻ | 1-4-17 മുതൽ 31-3-18 വരെ |
| എസ്.സി.ഡി.ഒ | മുരളീധരൻ എം.വി | 1-4-17 മുതൽ 30-12-17 വരെ |
| | ജോസഫ് ജോർജ്ജ് | 1-1-18 മുതൽ 31-3-18 വരെ |
| സി.ഡി.പി.ഒ | ലളിതാംബിക ടി. | 1-4-17 മുതൽ 31-3-18 വരെ |
| അസി.എക്സി. എഞ്ചിനീയർ | ജോയ് മുരിങ്ങാത്തേരി | 1-4-17 മുതൽ 15-09-17 വരെ |
| | ഉണ്ണികൃഷ്ണൻ ടി.വി | 16-09-17 മുതൽ 28-2-18 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | വി.എസ്.ഗോപകുമാർ | 1-3-18 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കൊപ്പം | ഡോ.വി.സി.ഗീത | 1-4-17 മുതൽ 31-3-18വരെ |
| ക്ഷീര വികസന ഓഫീസർ | സി.ജെ.ജാസ്മിൻ | 01-4-17 മുതൽ 31-3-18 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

29-03-2017 തീയതിയിലെ തീരുമാനം നം.1പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-3-181 | 08-05-18 | ---- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21-06-18 | നം.കെ.എസ്.എ-പികെഡി.21/ 1905(10)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42622045 |
| വരവ് | 126399555 |
| ആകെ | 169021600 |
| ചെലവ് | 12541206 |
| നീക്കിയിരിപ്പ് | 43780394 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 40389249 | 40389249 | 34293757 | 6095492 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 26848609 | 26848609 | 25599390 | 1249219 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4488000 | 4488000 | 4485087 | 2913 |
| വികസന ഫണ്ട്-ടി.എസ് പി | 0 | 25000 | 25000 | 25000 | 0 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2560118 | 3582000 | 6142118 | 3028955 | 3113163 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 178 | 106983006 | 142 | 64413234 | nil | 36 | 79.77 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി.ഡയറക്ടർ | 3 | 2 | 3302635 | 3272635 | 99.09 |
| എസ്.സി.ഡി.ഒ | 2 | 2 | 1045000 | 1010000 | 96.65 |
| സി.ഡി.പി.ഒ | 10 | 10 | 5774425 | 5660195 | 98.02 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 32 | 31 | 40415994 | 21608915 | 53.47 |
| അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ | 116 | 82 | 51805952 | 28301007 | 54.63 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 10 | 10 | 2774000 | 2695482 | 97.17 |
| ക്ഷീര വികസന ഓഫീസർ | 5 | 5 | 1865000 | 1865000 | 100 |
| ആകെ | 178 | 142 | 106983006 | 64413234 | 60.21 |

# 1-7 ആഭ്യന്തര നിയന്ത്രണം

രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രജിസ്റ്ററിൽ മുഴുവൻ വാങ്ങലുകളും രേഖപ്പെടുത്തിക്കാണുന്നില്ല. ഓഫീസ് ഓർഡർ പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ആയതിനാൽ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 09-07-18 to 24-07-18 | 2017-18 | 31-10-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.16 | 2010-11 to 2014-15 | 23.05.16 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

പ്രത്യേക പരാമർശമില്ല

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വാടക-അപാകതകൾ പരിഹരിക്കേണ്ടതാണ്

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയില്ലുള്ള കെട്ടിടങ്ങൾ താഴെ പറയുന്ന സ്വയം സഹായ സംഘങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | പേര് |
|---|---|
| 1 | അൽ-അമീൻ |
| 2 | ഭാവന |
| 3 | കാർത്തിക |
| 4 | സൗഹൃദ |

എന്നാൽ വാടക രജിസ്റ്ററിൽ സാമ്പത്തിക വർഷം കഴിയുമ്പോൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. അതുപോലെ വാടകയ്ക്കാരുമായി കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കുവാനായി നല്കിയ ഓഡിറ്റ് അന്വേഷണം-9 (13-5-19) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 വനിതാ കാന്റീന് ഫർണിച്ചർ വാങ്ങൽ- എസ്.സി. ഫണ്ടിന്റെ ദുരുപയോഗം- 133090 രൂപയുടെ ചെലവ് നിരാകരിക്കുന്നു

ഓഡിറ്റ് വർഷത്തിൽ എസ്.സി.പി. ഫണ്ടിൽ നിന്നും 133090 രൂപ പിൻ വലിച്ച് വനിതാ കാന്റീന് വിതരണം ചെയ്യാൻ എന്ന പേരിൽ ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ വാങ്ങിയിട്ടുള്ളത് ആവശ്യകതയുടെ അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(A) <u>പ്രൊജക്ട് സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ</u>

പ്രൊജക്ട് നമ്പർ – 175/18

പ്രൊജക്ടിന്റെ പേര് -വനിതാ കാന്റീനിലേക്ക് ഫർണിച്ചർ വാങ്ങൽ

പ്രൊജക്ട് അടങ്കൽ - 151300 ( scp ഫണ്ട്)

ചെലവ് -133090 ( ബിൽ നം. 28/18 തീ. 28.12.17)

സപ്ലൈ ചെയ്ത ഫർണിച്ചർ- സിംഗിൾ സ്റ്റീൽ ടേബിൾ- 5

ഇനങ്ങളും എണ്ണവും – മരമേശ 4

കസേര ( with steel frame &wooden Table) --36 എണ്ണം.

ഫർണ്ണിച്ചർ സപ്ലൈ ചെയ്ത ഏജൻസി – KADCO, Kaloor, Ernamkulam

Invoice No. KADCO/CRO/SALE17-18 /70

സപ്ലൈ ഏജൻസിക്ക് തുക നൽകിയ തീയ്യതി-- 18.12.17
അക്കൗണ്ട് നമ്പർ – 082101011409

പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ 1 തീയ്യതി 16.9. 17

മേൽ പറഞ്ഞ പ്രകാരം എസ്.സി.പി.ഫണ്ടിൽ നിന്നും 133090 രൂപ ചെലവഴിച്ച് നാല് സിംഗിൾ സ്റ്റീൽ മേശയും, നാല് മര മേശയും, സ്റ്റീൽ കാലുകളോടു കൂടിയതും റബ് വുഡിൽ പണിതതുമായ 36 കസേരകളും വാങ്ങിയതായി മേൽ പറഞ്ഞ ഇൻവോയ്സിൽ കാണിച്ചിട്ടുണ്ട്. ഫർണിച്ചറുകളുടെ ഭൗതിക പരിശോധനയിൽ മേൽ പറഞ്ഞ 36 കസരകളിൽ 24 എണ്ണം മുകൾ നിലയിൽ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ബാക്കി 12 എണ്ണം കാണാൻ കഴിഞ്ഞിട്ടില്ല.

കസേരകൾക്കൊപ്പം വാങ്ങിയ 5 സ്റ്റീൽ മേശകൾ മുകൾ നിലയിൽ പഴയ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് ഉപയോഗിച്ചു കൊണ്ടിരിക്കുന്നതായി കാണുന്നു. ഇതിനൊപ്പം വാങ്ങിയ 4 മരമേശകൾ ഓഫീസ് ഇനം മേശകളാണ്.

( കാന്റീൻ ഉപയോഗത്തിന് അനുയോജ്യമല്ലാത്ത മേശകൾ) ആയവ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വനിതാ കാന്റീനിൽ ഒരു കസേരയോ മേശയോ അധികമായി സ്ഥാപിക്കാൻ സ്ഥലമില്ല .നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഫർണിച്ചറുകൾ ഇരുമ്പ്,മാർബിൾ എന്നിവയിൽ തീർത്തവയായതിനാൽ റിപ്പയർ പോലും ആവശ്യമില്ലാത്തവയുമാണ്.

മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ 9 മേശകളും 36 കസേരകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും വനിതാ കാന്റീൻ ജീവനക്കാർ കൈപ്പറ്റിയതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇങ്ങനെ വാങ്ങിയ ഫർണ്ണിച്ചറുകൾക്കൊന്നും തന്നെ നമ്പറുകൾ നൽകുകയോ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല (ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സാധനസാമഗ്രികൾക്കൊന്നും തന്നെ നമ്പർ ഇടുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ ഇവ നഷ്ടപ്പെടുകയോ ദുരുപയോഗം ചെയ്യപ്പെടുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്താനാകില്ല.

മേൽ പറഞ്ഞ വിധം തീർത്തും ആവശ്യമില്ലാതെ എസ്.സി. ഫണ്ട് വക മാറ്റിച്ചെലവഴിച്ച് ഫർണിച്ചറുകൾ വാങ്ങുകയും ആയവ ഉപയോഗ ശൂന്യമാകും വിധം സൂക്ഷിക്കുകയും ചെയ്ത നടപടി പൊതുഫണ്ടിന്റെ പ്രത്യേകിച്ചും SC ഫണ്ടിന്റെ ദുരുപയോഗമാണെന്ന് വിലയിരുത്തുന്നു. കാണാനില്ലാത്ത 12 കസേരകൾ വാങ്ങിയിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിലും, പ്രാഥമികാന്വേഷണത്തിലും ബോധ്യമായിട്ടുണ്ട്.

നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കാന്റീന്റെ പേരിൽ, തികച്ചും ആവശ്യമില്ലാതെ ഫർണിച്ചറുകൾ വാങ്ങിക്കൂട്ടുകയും അവ യാതൊരു ഉപയോഗവുമില്ലാതെ നാശോന്മുഖമായ രീതിയിൽ അലക്ഷ്യമായി കുന്നുകൂട്ടിയിട്ടിരിക്കുകയും ചെയ്ത നടപടിയും, വാങ്ങാത്ത സാധനങ്ങൾക്ക് (ഇൻവോയ്സിൽ 36 കസേരകൾ വാങ്ങി എന്ന് കാണിച്ചിട്ടുണ്ടെങ്കിലും 24 എണ്ണമേ വാങ്ങിയിട്ടുള്ളൂ) വില നൽകിയതായി രേഖകളുണ്ടാക്കുകയും, വാങ്ങിയ ഫർണിച്ചറുകൾ കുടുംബശ്രീ കാന്റീന് നൽകിയതായി വ്യാജരേഖയുണ്ടാക്കുകയും ചെയ്തതായി ഓഡിറ്റ് മനസ്സിലാക്കുന്നു. ഇത് പൊതു ഫണ്ടിന്റെ ദുരുപയോഗമായതിനാൽ ചെലവ് അംഗീകരിക്കാൻ നിർവാഹമില്ല. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നല്കിയ 4/7.5.19 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ബ്ലോക്ക് പഞ്ചായത്തോ നിർവഹണോദ്യോഗസ്ഥനോ മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 133090 രൂപ നിലവിലുള്ള പലിശ സഹിതം ഉത്തരവാദിയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി പൊതു ഫണ്ടിലൊടുക്കണം.

# 3-2 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.

2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 61750/- കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി/ കരാറുകാരൻ | ബിൽ നം. തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 250/- |
|---|---|---|---|---|
| 1 | കോവിലിങ്ങൽ-പെരുംതൃക്കോവിൽ റോഡ് റീടാറിംങ് (49/18) -എ.എം.യൂസുഫ് | 60/29-6-17 -481217 73/17-18 | VG-30 – 2522.86/161.8=15.5<br>RS 1<br>236.25/182 =1.29 | 17x250=4250 |
| 2 | മപ്പാട്ടുകര റെയിൽവെ റോഡ് റീടാറിംങ് (55/18) -എ.എം.യൂസുഫ് | 55/29.6.17-486975<br>48/16-17 | VG-30 – 3683.29/161.8=22.76<br>RS-1<br>337.52/182=1.85 | 25x250=6250 |
| 3 | വടക്കുമ്മുറി-പ്രഭാപുരം റോഡ് റീ ടാറിംങ് (57/18)<br>-എ.എം.യൂസുഫ് | 56/29-6-17<br>490899<br>54/16-17 | VG-30<br>4322.14/161.8=26.7<br>RS-1<br>405.04/182=2.22 | 29x250=7250 |
| 4 | S.G നഗർ-അമരക്കുളം റോഡ് റീടാറിംങ് (58/18)<br>-എ.എം.യൂസുഫ് | 54/29-6-17<br>488070<br>50/16-17 | VG-30<br>4301.41/161.8=26.58<br>RS-1<br>405.08/182=2.22 | 29x250=7250 |
| 5 | മേൽമുറി-കുന്നൂര് റോഡ് (85/18)<br>-എ.എം.യൂസുഫ് | 57/29-6-17<br>345000<br>56/16-17 | VG-30<br>3030.30/161.8=18.72<br>RS-1<br>283.58/182=1.55 | 20x250=5000 |
| 6 | വടുവത്ര-പറളിറോഡ് ടാറിംങ് (84/18)<br>-എ.എം.യൂസുഫ് | 26/13-6-17<br>447585<br>49/16-17 | VG-30 – 1677.87/161.8=10.37<br>RS 1<br>218.68/182=1.20<br>SS1<br>675.92/200=3.38 | 15x250=3750 |
| 7 | കരുവാൻപടി-കൊട്ടുമുണ്ട റോഡ് റീടാറിംങ്(12/18)<br>-പി.നൗഷാദ് | 84/30-1-18<br>500000<br>6/17-18 | VG-30 – 4107.70/156=26.33<br>RS 1<br>459.44/182=2.52 | 29x250=7250 |
| 8 | കരിയന്നൂർ-കാരമ്പത്തൂർ റോഡ് റീടാറിംങ്(50/18)<br>-വള്ളുവനാട് കൺസ്ട്രക്ഷൻസ് | 33/16-6-17<br>484069<br>35/16-17 | VG-30 – 4786.05/156=30.68<br>RS 1<br>457.17/182=2.51 | 33x250=8250 |
| 9 | തൊട്ടാരത്തിൽ-മലയക്കോളനി റോഡ്(89/18)<br>-എ.എം.യൂസുഫ് | 18/16-6-17<br>696911<br>46/16-17 | VG-30<br>1107.92/161.8=6.85<br>RS-1<br>[illegible] | 10x250=2500 |

| | | | | |
|---|---|---|---|---|
| | | | 144.4/182=.79<br>SS1<br>446.32/200=2.23 | |
| 10 | മണ്ണേങ്കോട്-ഇ.പി.പടി റോഡ് ടാറിംങ് & റീടാറിംങ്(83/18)<br>-വള്ളുവനാട് കൺസ്ട്രക്ഷൻസ് | 27/16-6-18<br>488749<br>38/16-17 | VG-30<br>3695.12/156=23.69<br>RS-1<br>447.51/182=2.46<br>SS1<br>178.50/200=0.89 | 27x250=6750 |
| 11 | മൂച്ചിക്കുട്ടപറമ്പിൽ കോളനി നടകാവിൽ പടിറോഡ് (88/18)<br>-വള്ളുവനാട് കൺസ്ട്രക്ഷൻസ് | 29/13-6-17<br>491224<br>-37/16-17 | VG-30<br>4270.50/156=27.38<br>RS-1<br>405/182=2.59 | 30x250=7500 |
| | | | ആകെ | 66000 |

# 3-3 പ്രോജക്ട് നിബന്ധനകൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കി. ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ "അസി.എക്സി. എഞ്ചിനീയറുടെ ഓഫീസിന്റെ ദൈനംദിന ചെലവുകൾ" എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് നമ്പർ-94/18

അടങ്കൽ-67370/-

ചെലവ്-67370/-(ബിൽനം.67/24-7-17)

മേൽ പറഞ്ഞ പ്രകാരമുള്ള പ്രോജക്റ്റ് പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ദൈനംദിന ചെലവുകളോടൊപ്പം കമ്പ്യൂട്ടർ അനുബന്ധസാമഗ്രികളും ,ഇരുമ്പലമാര തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. പ്രിന്റർ,സ്കാനർ തുടങ്ങിയവ വാങ്ങിയതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. പ്രോജക്റ്റിൽ ഉൾപ്പെടുത്താത്ത സാധനസാമഗ്രികൾ വാങ്ങിയത് പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
3. പ്രോജക്റ്റ് പ്രകാരമുള്ള സാധനസാമഗ്രികൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കനുസൃതമായല്ല വാങ്ങിയിട്ടുള്ളത് .
4. സ്റ്റോർ പർച്ചേസ് നിബന്ധനപ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ല.

ഇക്കാരണത്താൽ ഈ ഇനത്തിലെ ചെലവു തുക 67370/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം. 13/16.05.2013 കാണുക)

# 3-4 മരാമത്ത് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല,ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റുമായി ബന്ധപ്പെട്ട് ഹാജരാക്കിയ മരാമത്ത് ഫയലുകളിൽ താഴെ പറയുന്ന പദ്ധതി ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/9-5-18) ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നിർവ്വഹണ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ചെലവ് തുക 375082/ രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | ബിൽനം/തുക |
|---|---|
| പാലക്കാപറമ്പ് കോളനി കുടിവെള്ള പദ്ധതി (54/18) | 375082<br>ബിൽ നം.<br>87/16-2-18 |

# 3-5 വ്യവസായ വികസന മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 (1) നാലാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ചുമതലകൾ നടപ്പിലാക്കാനുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയാണവ. പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിൽ മേൽ പറഞ്ഞ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഉണ്ടായിട്ടും പ്രസ്തുത മേഖലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

# 3-6 PMAY ഭവന നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം

PMAY ഭവന പദ്ധതി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ- നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

2015-16, 2016-17, 2017-18 കാലയളവിൽ PMAY പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റി നാളിതുവരെ പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഈ ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ ധനസഹായ തുക | കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|---|---|
| 1 | സിന്ധു W/O സതീശൻ, ചേന്നംകുഴിപ്പറമ്പിൽ, ആനക്കര | 200000 | 174000 | 26000 |
| 2 | അമ്മിണി W/o വേലായുധൻ ചെറുപുറത്ത്, ആലിക്കര, ചാലിശ്ശേരി | 300000 | 276000 | 24000 |
| 3 | കോത D/o അയ്യപ്പൻ, മംഗലത്ത് പടി | 300000 | 256000 | 44000 |
| 4 | അജിതൻ, S/o താമി, വേങ്ങാട്ടു പറമ്പിൽ, ആലിക്കര | 300000 | 144000 | 156000 |
| 5 | ചക്കച്ചൻ S/o കോരി, കുന്നത്തേരി, ചാലിശ്ശേരി | 300000 | 176000 | 124000 |
| 6 | പ്രേമ W/o കൃഷ്ണൻ, പെരുമണ്ണൂർ | 400000 | 306000 | 94000 |
| 7 | സരോജിനി രാമചന്ദ്രൻ, കുണ്ടു പറമ്പിൽ, ആമക്കാവ് | 400000 | 306000 | 94000 |
| 8 | കാർത്യായനി സുബ്രമണ്യൻ. കോട്ടരിപ്പടി, ആലിക്കര | 400000 | 48000 | 352000 |
| 9 | ചാത്തപ്പൻ വേലായി, കാങ്കത്ത് പറമ്പിൽ , അരീക്കാട്, മലമക്കാവ് | 400000 | 48000 | 352000 |

| | | | | |
|---|---|---|---|---|
| | ജനറൽ വിഭാഗം | | | |
| 10 | കുഞ്ഞാമ, W/o ജോണി, കോലാടിയിൽ, കവുക്കോട്, തണ്ണീർക്കോട് | 200000 | 48000 | 352000 |
| 11 | മറിയക്കുട്ടി, D/o പത്രോസ്, നാലു കണ്ടത്തിൽ, ചാലിശ്ശേരി | 200000 | 48000 | 352000 |
| 12 | കോമുക്കുട്ടി, S/o കുഞ്ഞാലി, തലയണപ്പറമ്പിൽ അരീക്കാട്, | 260000 | 204000 | 56000 |
| 13 | ജമീല W/o അഷറഫ്, തോട്ടം വിളാകത്ത്, | 200000 | 48000 | മറ്റു മാർഗ്ഗങ്ങൾ വിനിയോഗിച്ച് വീട് വെച്ചതിനാൽ ധനസഹായത്തുക ആവശ്യമില്ല. തുക തിരിച്ചടക്കണം |

മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ ക്രമ നമ്പർ 13 ഒഴികെ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ക്രമനമ്പർ 13 – ഗുണഭോക്താവ് മറ്റു ധനാഗമ മാർഗ്ഗങ്ങളുപയോഗിച്ച് വീട് വെച്ചതിനാൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കണം.

# 3-7 വിവിധ ഏജൻസികളെ ഏൽപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികൾ- ചെലവു പുരോഗതി/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ പട്ടാമ്പി ബ്ലോക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക പിൻ വലിച്ച് രണ്ട് പ്രൊജക്ടുകളുടെ നിർവഹണത്തിനു വേണ്ടി ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടുകളുടെ അംഗീകൃത പകർപ്പുകളോ, കൈമാറിയ തുകയുടെ ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം എന്നിവയൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകളോടൊപ്പം ലഭ്യമല്ല.

പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവു തുക ബിൽ നം& തീയ്യതി | ഡെപ്പോസിറ്റ് സ്വീകരിച്ച ഏജൻസി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 116/18 | ഭാരതപ്പുഴ സംരക്ഷണം | 40000 25/18/ dated 21.12.17 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട് അക്കൗണ്ട് നമ്പർ 30074914685/ Dated 1.12.17 | (1) അംഗീകൃത പ്രൊജക്ടിന്റെ പകർപ്പ് (2) ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം |
| 176/18 | കല്ലടക്കല്ലൂർ വാതക ശ്മശാനത്തിന് തുക കൈമാറൽ | 2300000 Bill No. 27/18 Dated 28.12.17 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട് അക്കൗണ്ട് നമ്പർ 30074914685/ | (1) അംഗീകൃത പ്രൊജക്ടിന്റെ പകർപ്പ് (2)ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | Dated 1.12.17 | |
| 200/18 | പടിഞ്ഞാറെ മുക്ക് ഏരിയ കുടിവെള്ള പദ്ധതി പ്രദേശം ത്രീഫേസ് ആക്കൽ തുടർ പ്രവൃത്തി-<br>കൊപ്പം ഇലക്ട്രിക്കൽ സെക്ഷൻ തുക ഡെപ്പോസിറ്റ് | 20688<br>Bill No<br>71/18<br>Dated<br>16.2.18 | KSEB<br>അക്കൗണ്ട നമ്പർ<br>67298185077 | (1)പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അംഗീകൃത സ്കെച്ചും പ്ലാനും പകർപ്പ്<br>(2) ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം |
| 119/18 | ചുണ്ടമ്പറ്റ പ്രദേശം. ഇല. പ്രവൃത്തികൾ-<br>തുടർ പ്രവൃത്തി | 442637<br>Bill No.<br>78/18<br>Dated<br>22.8.17 | KSEB , പുലാമന്തോൾ<br>അക്കൗണ്ട് നമ്പർ<br>6703490573 | (1)പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അംഗീകൃത സ്കെച്ചും പ്ലാനും പകർപ്പ്<br>(2) ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം |
| 224/18 | ചുണ്ടമ്പറ്റ പ്രദേശം. ഇല. പ്രവൃത്തികൾ-<br>തുടർ പ്രവൃത്തി-<br>ബാക്കി തുക നൽകൽ | 40560<br>Bill No.<br>101/18<br>Dated<br>23.3.18 | KSEB , പുലാമന്തോൾ<br>അക്കൗണ്ട് നമ്പർ<br>6703490573 | (1)പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അംഗീകൃത സ്കെച്ചും പ്ലാനും പകർപ്പ്<br>(2) ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം |
| 148/18 | കൊപ്പം ഇല. സെക്ഷനിലെ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികൾ | 61302<br>Bill No<br>18/18 Dated<br>15.11.17 | KSEB, Koppam | (1)പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അംഗീകൃത സ്കെച്ചും പ്ലാനും പകർപ്പ്<br>(2) ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം |
| 152/18 | കട്ടുപ്പാറ സെക്ഷനിലെ ചുണ്ടമ്പറ്റ പ്രദേശം വൈദ്യുത ലൈൻ എക്സ്റ്റൻഷൻ | 38424<br>Bill No<br>16/18<br>Dated 15.11.17 | KSEB, പുലാമന്തോൾ<br>അക്കൗണ്ട് നമ്പർ<br>6703490573 | (1)പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അംഗീകൃത സ്കെച്ചും പ്ലാനും പകർപ്പ്<br>(2) ചെലവു പുരോഗതി റിപ്പോർട്ട്/ വിനിയോഗ സാക്ഷ്യപത്രം |
| 193/18 | പൂതനായിൽ പാലക്കാ പറമ്പ് കോളനി കുടിവെള്ള പദ്ധതി | 500000<br>Bill No.<br>26/18 Dated<br>18.12.17 | KWA<br>67150213827 | (1)പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അംഗീകൃത സ്കെച്ചും പ്ലാനും പകർപ്പ്<br>(2) ചെലവു പുരോഗതി റിപ്പോർട്ട്/ |

| | | | | |
|---|---|---|---|---|
| | | | | വിനിയോഗ സാക്ഷ്യപത്രം |

രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് 9.5.19 ന് നൽകിയ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല . ആയതിനാൽ മേൽ പറഞ്ഞ പട്ടിക കോളം നമ്പർ 4-ൽ പറഞ്ഞ രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 3-8 ഔദ്യോഗിക വാഹനങ്ങളുടെ പരിപാലനം- അപാകതകൾ സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL52C3333 നമ്പറുള്ള Verito കാറും KL-52L-731 നമ്പറുള്ള സ്കോർപ്പിയോ ജീപ്പുമാണ് നിലവിലുള്ളത്.

(1) പ്രസ്തുത വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടു.

i. പെട്രോൾ, ഡീസൽ ഗ്യാസ് മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

ii. റിപ്പയർ രജിസ്റ്റർ

iii. സ്റ്റോക്ക് രജിസ്റ്റർ

iv ഫ്യൂവൽ രജിസ്റ്റർ
പ്രസ്തുത രജിസ്റ്ററുകളൊന്നും പരിപാലിക്കുന്നില്ല.

(2)മേൽ പറഞ്ഞ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൻപ്രകാരം കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(a) ലോഗ് ബുക്കിൽ ഫ്യൂവൽ അക്കൗണ്ട് രേഖപ്പെടുത്തുന്ന കോളത്തിൽ വർഷാരംഭത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിലെ ഡീസലടിക്കുന്നത് സെക്രട്ടറിയോ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഓഫീസറോ സാക്ഷ്യപ്പെടുത്തുന്നില്ല. സ.ഉ(എം.എസ്)നം.170/07/ ത.സ്വ.ഭ.വ 30-6-2007 പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ/ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടേയോ സാന്നിദ്ധ്യത്തിലോ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ

പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫ്യവൽ അക്കൗണ്ട് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

(b) ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൽ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന മേലുത്തരവിലെ നിർദേശം പാലിച്ചിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ മേൽ പറഞ്ഞ രജിസ്റ്ററുകൾ സമയ ബന്ധിതമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണ്.

# 3-9 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്റ്റ് നം- 38/17-18

പ്രോജക്റ്റിന്റെ പേര്- കൊപ്പം സി എച്ച് സി യിൽ സൗരോർജ്ജ വൈദ്യുതീകരണം

അടങ്കൽ-8,80,000/-

ചെലവ്-8,80,000/-

ബിൽ നം-4, 20.1.18

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ

മേൽ പദ്ധതിക്കായി 8,80,000/- രൂപ അനെർട്ടിന്റെ 67141838546 എന്ന അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ പദ്ധതിയുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## <u>ഭാഗം -4</u>

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വിവിധ ഗ്രാമ പഞ്ചായത്തുകൾ | 2017-18 | 3710974 | ലൈഫ് ഭവന നിർമ്മാണം | 2209375 | 1501599 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 4202566 | ---ടി---- | 1453734 | 2748832 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും നിലവിലില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 169021600 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12541206 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 133090 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 442452 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 133090 | ശ്രീ.പി.വി.സത്യൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 67370/- | ശ്രീ.ജോയ് മുരിങ്ങാത്തേരി, അസി.എക്സി.എഞ്ചിനീയർ |
| 3-4 | 375082/- | ശ്രീ.ടി.വി.ഉണ്ണികൃഷ്ണൻ, അസി.എക്സി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി.സത്യൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | റിട്ടയേർഡ് | ഇന്ദീവരം (പരപ്പറമ്പിൽ), കല്ലിപ്പാടം പി.ഒ ഷൊർണ്ണൂർ-2 പാലക്കാട് ജില്ല പിൻ-679122 |
| ശ്രീ. ജോയ് മുരിങ്ങാത്തേരി, അസി.എക്സി.എഞ്ചിനീയർ | LSGD സബ് ഡിവിഷൻ, പഴയന്നൂർ ബ്ലോക്ക് | മുരിങ്ങാത്തേരി വീട്,ചേലക്കര പി.ഒ, തൃശ്ശൂർ ജില്ല |
| ശ്രു.ടിവി..ഉണ്ണികൃഷ്ണൻ, അസി.എക്സി. എഞ്ചിനീയർ | റിട്ടയേർഡ് | ഗംഗാ ഭവൻ, ദേശമംഗലം പി.ഒ, തൃശ്ശൂർ ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കുറിപ്പുകൾ |
|---|---|---|
| 1995-96 1996-97 1997-98 | LFP10/244/09 dt. 6.6.09 | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | LFP10/1089/03 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-2000 | LFP10/408/02 dt. 2.12.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | LFP10/928/07dt. 3.12.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2001-02 | LFP10/974/07dt. 3.12.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | LFP10/975/07dt. 3.12.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP10/942/08dt. 15.7.09 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | LFP10/943/08dt. 15.7.09 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | LFP10/944/08dt. 15.7.09 | ഓഡിറ്റ് |

| | | |
|---|---|---|
| | | റിപ്പോർട്ട് |
| 2006-07 | LFP10/945/08dt. 15.7.09 | ഓഡിറ്റ് റിപ്പോർട്ട് |
| 2007-08 | LFP8/1684/11dt. 9.12.11 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | LFP8/1685/11dt. 9.12.11 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10<br>2010-11 | LFP8/1061/12dt. 12.1.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | LFP8/2243/14dt. 7.1.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | KSA PKD8/154/16/ dt.9-2-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA PKD8/343/17dt.10-5-17 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | KSA PKD8/2103/2017 dt. 22-11-2017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തി മൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വാടക വരവുകളും, വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. പട്ടികജാതി വികസന ഓഫീസറുടെ ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവു തുകയും, ഗ്രാമപഞ്ചായത്തിലെ ചെലവു പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.
4. വാർഷിക ധനകാര്യ പത്രികയിൽ (RP-7) രേഖപ്പെടുത്തിയ റവന്യൂ ഗ്രാന്റ്, ഫണ്ട്, സംഭാവന തുടങ്ങിയ വരവിനങ്ങളിലെ തുകകളും (വികസന ഫണ്ട്-ജനറൽ) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 ഓഡിറ്റ് ചെയ്ത ധനകാര്യ പത്രികകളുടെ സംക്ഷിപ്തങ്ങൾ

1) RECEIPT & PAYMENT STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 42622045.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 47592.00 |
| 150000000 | Sale & Hire Charges | RP-5 | 49600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 78538766.00 |
| 171000000 | Interest Earned | RP-9 | 1141115.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 44642406.00 |
| 350000000 | Other Liabilities | RP-36 | 0.0 |
| | **Non Operating** | | |
| 350000000 | Other Liabilities | RP-36 | 3400.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1976676.00 |
| | **Grand total** | | **169021600.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2240669.00 |
| 220000000 | Administrative Expenses | RP-12 | 1284184.00 |
| 230000000 | Operations & Maintenance | RP-13 | 297042.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 11901183.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 55509943.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1301739.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 94922.00 |
| 255000000 | Maintenance Projects | RP-20 | 11682621.00 |
| 280000000 | Prior Period item | RP-26 | 341383.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 129495.00 |
| 340000000 | Deposits Received | RP-34 | 771579.00 |
| 350000000 | Other Liabilities | RP-36 | 1996597.00 |
| 410000000 | Fixed Assets | RP-38 | 32415881.00 |

2)INCOME & EXPENDITURESTATEMENT

For the period from 01-April-2017 to 31-March-2018

| | | | |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 55721.00 |
| 150000000 | Sale & Hire Charges | I-5(b) | 2449600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107864489.00 |
| 171000000 | Interest Earned | I-8 | 1141115.00 |
| 180000000 | Other Income | I-9 | 1926757.00 |
| | Total Income | | 113437682.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I- | 2240669.00 |

| | | | |
|---|---|---|---|
| | | 10(b) | |
| 220000000 | Administrative Expenses | I-11(b) | 3280781.00 |
| 230000000 | Operations & Maintenance | I-12(b) | 297042.00 |
| 240000000 | Interest & Finance Charges | I-13 | 129495.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11901183.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 55564115.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1301739.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 94922.00 |
| 255000000 | Maintenance Projects | I-14(e) | 11682621.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 272000000 | Depreciation | I-17(a) | 5319344.00 |
| | Total Expenditure | | 91811911.00 |
| | Gross Surplus/ Deficit of income over Expenditure | | 21625771.00 |
| 280000000 | Prior Period Item | I-18 | 341383.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 21284388.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

<u>3) BALANCE SHEET</u>

<u>**For the period from 01-April-2017 to 31-March-2018**</u>

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 73527063.00 |
| 312000000 | Reserves | B-3 | 40706488.00 |
| | Total Reserve & Surplus | | 114233551.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 43780394.00 |
| | Total Grants, Contributions for Specific Purposes | | 43780394.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 902424.00 |
| 350000000 | Other Liabilities | B-9 | 57572.00 |
| | Total Current Liabilities and Provisions | | 959996.00 |
| | TOTAL LIABILITIES | | 158973941.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 104595609.00 |
| 412000000 | Capital Work in Progress | B-11(a) | 9476089.00 |
| | Total Fixed Assets | | 114071698.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 500000.00 |
| | Total Investments | | 500000.00 |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 18823.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 450000000 | Cash and Bank Balance | B-17 | 43780394.00 |
| 460000000 | Loand, Advances and Deposits | B-18 | 603026.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 44402243.00 |
| | Other Assets | | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**